## പതിമൂന്നാം കേരള നിയമസഭ

**എട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 558 - 19.03.2013-ലെ മറുപടിക്ക്**

## സംസ്ഥാനത്തിന്റെ കടബാദ്ധ്യത

**ചോദ്യം**

**ശ്രീ. എളമരം കരീം**

**ഉത്തരം**

**ശ്രീ. കെ. എം. മാണി**

(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കേരളം ധനകാര്യ അസ്ഥിരതയിലാണെന്ന സി & എ.ജിയുടെ വെളിപ്പെടുത്തലിനോട് പൂർണ്ണമായും യോജിക്കുന്നുണ്ടോ; ഇതിന്മേലുള്ള നിലപാട് വ്യക്തമാക്കുമോ; | 2011-12 ലെ ഉയർന്ന ധനകമ്മിയും, റവന്യൂ കമ്മിയും ശമ്പള-പെൻഷൻ പരിഷ്കണത്തിന്റെ അധിക ചെലവിന്റെ ഫലമാണ്. അത്തരം അധിക ബാധ്യത വരും വർഷങ്ങളിലും തുടരാൻ സാധ്യതയില്ല. അതിനാൽ സംസ്ഥാനം ധനകാര്യ അസ്ഥിരതയിലാണെന്ന പരാമർശത്തോട് സംസ്ഥാനം പൂർണ്ണമായും യോജിക്കുന്നില്ല. |
| (ബി) 2010-11 ൽ സംസ്ഥാന വരുമാനത്തിന്റെ എത്ര ശതമാനമായിരുന്നു കടബാദ്ധ്യത; ഇതിന്റെ തോത് 2011-12 ൽ എത്ര ശതമാനമായി കുറയുകയുണ്ടായി; | 2010-11ൽ സംസ്ഥാനത്തിന്റെ കടബാധ്യത മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിന്റെ 29.2 ശതമാനമായിരുന്നു. 2011-12-ൽ ഇത് 28.37 ശതമാനമായി കുറഞ്ഞിട്ടുണ്ട്. |
| (സി) സംസ്ഥാനത്തിന്റെ കടബാദ്ധ്യതയും വരുമാനവും തമ്മിലുള്ള തോത് 2010-11, 2011-12, 2012-13 വർഷങ്ങളിൽ എത്ര ശതമാനം വീതമായിരുന്നു; | സംസ്ഥാനത്തിന്റെ കടബാധ്യതയും വരുമാനവും തമ്മിലുള്ള തോത് 2010-11, 2011-12 വർഷങ്ങളിൽ യഥാക്രമം 253.86 ശതമാനവും, 235.25 ശതമാനവും ആയിരുന്നു. 2012-13 -ലെ പുതുക്കിയ എസ്റ്റിമേറ്റ് (RE) പ്രകാരം ഇത് 209.76 ശതമാനം ആയിരിക്കുമെന്ന് അനുമാനിക്കുന്നു. |
| (ഡി) ധന ഉത്തരവാദിത്ത നിയമപ്രകാരം 2011-12 ൽ കടബാധ്യതകൾ സംസ്ഥാന വരുമാനത്തിന്റെ എത്ര ശതമാനം വരെയാകാം; ഇത് 2012-13 ൽ എത്ര ശതമാനം വരെയാകാം; യഥാർത്ഥത്തിൽ ഓരോ വർഷവും എത്ര ശതമാനം വരെ ആയിട്ടുണ്ട്; | 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത(ഭേദഗതി) നിയമപ്രകാരം 2011-12,2012-13 വർഷങ്ങളിൽ സംസ്ഥാനത്തിന്റെ കടബാധ്യത യഥാക്രമം സംസ്ഥാന മൊത്ത ആഭ്യന്തര ഉത്പ്പാദനത്തിന്റെ 32.3 ശതമാനവും, 31.7 ശതമാനവും വരെയാകാം. ഇത് 2011-12-ൽ 28.37 ശതമാനമായിരുന്നു. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 2012-13-ൽ ഇത് 27.87 ശതമാനം ആയിരിക്കുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| (ഇ) സംസ്ഥാനത്തിന്റെ കടഭാരം ഇപ്പോൾ നിയന്ത്രണ വിധേയമാണോ; വിശദമാക്കാമോ? | കടബാധ്യത/ജി.എസ്.ഡി.പി. കടബാധ്യത/ റവന്യു വരുമാനം, പലിശ തിരിച്ചടവ്/ റവന്യു വരുമാനം തുടങ്ങിയ സൂചകങ്ങൾ തുടർച്ചയായി മെച്ചപ്പെട്ടുവരുന്നു. ആയതി നാൽ കടഭാരം ഇപ്പോൾ നിയന്ത്രണ വിധേയമാണ്. |

സെക്ഷൻ ഓഫീസർ